**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- അനധികൃതാവധിക്കു ശേഷം ഡോ. മുഹമ്മദ് ഷഫീഖ്.കെ.ടി, അസിസ്റ്റന്റ് സർജന് നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. സ ഉ(സാധാ) 767/2018/ആ.കു.വ തീയതി 06.03.2018
2. മേലെഴുത്ത് നം. ഇ.എ4- 25547/17/ആ.വ.ഡ തീയതി 14.03.2018

**ഉത്തരവ് നം. ഇ.എ2-444/18/ആ.വ.ഡ തീയതി 15.03.2018**

അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടു നിൽക്കുന്ന അസിസ്റ്റന്റ് സർജനായ ഡോ. മുഹമ്മദ് ഷഫീഖ്.കെ.ടിക്ക്, അച്ചടക്ക നടപടികളുടെ തീർപ്പിനു വിധേയമായി പുനർനിയമനം നൽകാൻ പരാമർശ പ്രകാരം നിർദ്ദേശം നൽകിയിരിക്കുന്നു.

ആയതിനാൽ ഡോ. മുഹമ്മദ് ഷഫീഖ്.കെ.ടി യെ അച്ചടക്ക നടപടികളുടെ തീർപ്പിനു വിധേയമായി **കണ്ണൂർ തലശ്ശേരി ജനറൽ ആശുപത്രിയിൽ കാഷ്വാലിറ്റി മെഡിക്കൽ ആഫീസറായി** നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

ഈ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനകം സർവ്വീസിൽ പുനഃപ്രവേശിക്കാത്ത പക്ഷം നിയമപരമായ നടപടികൾ പൂർത്തിയാക്കി ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

മെഡിക്കൽ ആഫീസറും സ്ഥാപന മേധാവിയും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് മേൽ നടപടിക്കായി ഉപയോഗിക്കേണ്ടതാണ്.

**ഒപ്പ്**
**ഡോ. സരിത.ആർ.എൽ**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്
ഡോ. മുഹമ്മദ് ഷഫീഖ്.കെ.ടി
കാരാത് തൊടി ഹൗസ്, മണ്ണാർമല,
പട്ടിക്കാട്, മലപ്പുറം

പകർപ്പ്:
1. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), കണ്ണൂർ
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
3. സൂപ്രണ്ട്, ജനറൽ ആശുപത്രി തലശ്ശേരി, കണ്ണൂർ
4. ഫയൽ/ കരുതൽ ഫയൽ

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**